# ശ്രീമദ് വാല്മീകി രാമായണം

## കിഷ്കിന്ധാകാണ്ഡം

## ക്ലാസ്-5വൃത്തം ഇന്ദ്രവജ്ര

## സർഗ്ഗം 30

## 28 മുതൽ 38 വരെയുള്ള പദ്യങ്ങൾ

ശ്രീരാമൻ, കിഷ്കിന്ധയിൽ കഴിയുന്ന കാലത്ത്, മഴക്കാലം കഴിഞ്ഞ് ശരത്കാലം വന്നുചേർന്നപ്പോൾ പ്രിയാവിരഹത്തിൽ ദുഃഖിതനായി ശരത്കാലത്തെ വർണ്ണിക്കുന്നതാണ് സന്ദർഭം

1. ശാഖാസു സപ്തച്ഛദപാദപാനാം
   പ്രഭാസു താരാർകനിശാകരാണാം
   ലീലാസു ചൈവോത്തമവാരണാനാം
   ശ്രിയം വിഭജ്യാദ്യ ശരത് പ്രവൃത്താ

സാരം- ഏഴിലം പാലകളുടെ ശാഖകളിലും, നക്ഷത്രങ്ങളുടേയും സൂര്യന്റേയും ചന്ദ്രന്റേയും പ്രഭകളിലും, ഉത്തമഗജങ്ങളുടെ വിഹാരങ്ങളിലുമായി തന്റെ സൗഭാഗ്യത്തെ വിഭജിച്ചുവെച്ച് ശരത്കാലമാരംഭിച്ചു.

2. സമ്പ്രത്യനേകാശ്രയ ചിത്രശോഭാ
   ലക്ഷ്മീ ശരത്കാലഗുണോപപന്നാ
   സൂര്യാഗ്രഹസ്തപ്രതിബോധിതേഷു
   പദ്മാകരേഷ്വഭ്യധികം വിഭാതി

സാരം- പലതിനെയുമാശ്രയിച്ചു വിചിത്രകാന്തിയോടു കൂടിയ ശരത്കാല ഗുണങ്ങളോടുചേർന്ന സൗഭാഗ്യലക്ഷ്മി ഇപ്പോൾ, സൂര്യന്റെ കൈത്തലോടലേറ്റ് ഉന്മേഷമാർന്ന താമരപ്പൊയ്കകളിൽ അത്യധികമായി ശോഭിയ്ക്കുന്നു.

3. സപ്തച്ഛദാനാം കുസുമോപഗന്ധീ
   ഷട്പാദവൃന്ദൈരനുഗീയമാനഃ
   മത്തദ്വിപാനാം പവനാനുസാരീ
   ദർപ്പം വിനേഷ്യന്നധികം കരോതി

സാരം- ഏഴിലം പാലപ്പൂക്കളുടെ ഗന്ധം കലർന്നതും വ   ിൻകൂട്ടങ്ങളുടെ ഗാനാനുയായിയുമായ മാരുതൻ മദഗജങ്ങളുടെ മദത്തെ വർദ്ധിപ്പിക്കുന്നു.

4. അഭ്യാഗതൈശ്ചാരുവിശാലപക്ഷൈഃ
   സരപ്രിയൈഃ പദ്മരജോവകീർണൈഃ

മഹാനദീനാം പുളിനോപയാതൈഃ
ക്രീഡന്തി ഹംസാഃ സഹ ചക്രവാകൈഃ

സാരം- വർഷകാലാനന്തരം വന്നു ചേർന്നവയും സുന്ദരവും വിശാലവുവായ ചിറകുകളോടു കൂടിയവയും, തടാകങ്ങളോടു പ്രിയമുള്ളവയും, താമരപ്പൂമ്പൊടി പുരു ശരീരത്തോടു കൂടിയവയും, മഹാനന്ദികളുടെ പുളിനങ്ങളിലെത്തിച്ചേർന്നവയുമായ അരയന്നങ്ങൾ ചക്രവാകപ്പക്ഷികളോടു കൂടി കളിച്ചുല്ലസിക്കുന്നു.

5. മദപ്രഗല്ഭേഷു ച വാരണേഷു
ഗവാം സമുഹേഷു ച ദർപിതേഷു
പ്രസന്നതോയാസു ച നിമ്നഗാസു
വിഭാതി ലക്ഷ്മീർ ബഹുധാ വിഭക്താ

സാരം- മദോന്മത്തരായ ഗജങ്ങളിലും, മദിച്ചുനടക്കുന്ന ഗോക്കളുടെ സമൂഹത്തിലും, തെളിനീരാർന്ന നദികളിലുമായി സൗഭാഗ്യലക്ഷ്മി പലവിധതത്തിൽ പരിലസിക്കുന്നു.

6. നഭ: സമീക്ഷ്യാംബുധരൈർവിമുക്തം
വിമുക്തബർഹാഭരണാ വനേഷു
പ്രിയാസ്വരക്താ വിനിവൃത്തശോഭാ
ഗതോത്സവാ ധ്യാനപരാ മയൂരാ:.

സാരം- കാർമേഘമൊഴിഞ്ഞ ആകാശത്തേക്ക് നോക്കി പീലിച്ചാർത്തെല്ലാം ഒതുക്കിവെച്ച് മയിലുകൾ വനങ്ങളിൽ, പ്രിയതമമാരിൽ അനാസക്തരായും, വർണ്ണ ശോഭ കുറഞ്ഞവരായും, ഉത്സാഹമില്ലാത്തവരായും, ധ്യാനപരന്മാരായും കഴിയുന്നു.

7. മനോജ്ഞഗന്ധൈഃ പ്രിയകൈരനല്പൈഃ
പുഷ്പാതിഭാരാവനതാഗ്രശാഖൈ:
സുവർണഗൗരൈർനയനാഭിരാമൈ-
രുദ്യോതിതാനീവ വനന്തരാണി

സാരം- സുഗന്ധപൂർണ്ണങ്ങളായി ധാരാളമായി കാണുന്ന വേങ്ങമരങ്ങൾ, പുഷ്പഭാരം കൊ ് ചാഞ്ഞ കൊമ്പുകളോടു കൂടി സ്വർണ്ണവർണ്ണമാർന്ന് നേത്രാനന്ദകരങ്ങളായി വനാന്തരങ്ങളെ പ്രകാശിക്കുന്നു.

8. പ്രിയാന്വിതാനാം നളിനീപ്രിയാണാം
വനേപ്രിയാണാം കുസുമോദ്ഗതാനാം
മദോത്കടാനാം മദലാലസാനാം
ഗജോത്തമാനാം ഗതയോദ്യ മന്ദാ:

സാരം- പിടിയാനകളോടുകൂടിയവരും, താമരപ്പൊയ്കകളിൽ ആസക്തന്മാരായിട്ടു ള്ളവരും, കുസുമിതകാനനത്തിൽ ആർത്തിപൂ   വരും, മദംപൂ   വരും, മദലാലസ മാരുമായ കൊമ്പനാനകൾ മന്ദഗാമികളായിത്തീർന്നിരിക്കുന്നു.

9. വ്യക്തം നഭശ്ശസ്ത്രവിധൗതവർണം
കൃശപ്രവാഹാനി നദീജലാനി
കല്ഹാരശീതാ: പവനാ: പ്രവാന്തി
തമോ വിമുക്താശ്ച ദിശ: പ്രകാശ:

സാരം- ആകാശം വാളുപോലെ മിന്നുന്ന വിധത്തിലായി നദികളെല്ലാം ഒഴുക്കിന്റെ ശക്തി കുറഞ്ഞ് മെലിഞ്ഞു തുടങ്ങി. കാറ്റ് കല്ഹാരകുസുമശീതളങ്ങളായി. ദിക്കു കളെല്ലാം ഇരുട്ടൊഴിഞ്ഞു പ്രകാശിക്കുന്നവയായി.

10. സൂര്യാതപക്രാമണ നഷ്ടപങ്കാ
ഭൂമിശ്ചിരോദ്ഘാടിതസാന്ദ്രരേണുഃ
അന്യോന്യവൈരേണ സമായുതാനാ-
മുദ്യോഗകാല്യോദ്യ നരാധിപാനാം

സാരം- വെയിലേറ്റ് ഭൂമിയിലെ ചെളികെട്ടിക്കിടന്നതെല്ലാം ഉണങ്ങിത്തുടങ്ങി. കുറെ കാലത്തിനുശേഷം ധാരാളമായി പൊടി പാറാൻ തുടങ്ങി. പരസ്പരശത്രുതയുള്ള രാജാക്കൻമാർക്ക് യുദ്ധംചെയ്യാനുള്ള കാലവും വന്നു കൂടി.

# ശ്രീമദ്ഭാഗവതം

## ദ്വിതീയസ്കന്ധം

**ക്ലാസ്-6** **വൃത്തം വംശസ്ഥം**

## <u>ശുകസാരസ്വതം</u>

1.. നമ: പരസ്മൈ പുരുഷായ ഭൂയസേ
സദുദ്ഭവസ്ഥാനനിരോധലീലയാ
ഗൃഹീതശക്തിത്രിതായ ദേഹിനാ-
മന്തർഭവായാനുപലക്ഷ്യവർത്മനേ

സാരം - ദേശകാലാദിപരിച്ഛേദങ്ങളില്ലാത്തവനും പ്രപഞ്ചത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരങ്ങൾക്കായി ബ്രഹ്മാവിഷ്ണുമഹേശ്വരരൂപത്തിൽ രജസ്സത്ത്വതമോഗുണങ്ങളെ സ്വീകരിച്ചവനും സർവ്വഭൂതാന്താരാത്മാവും അജ്ഞാതഗതിയും പുരുഷോത്തമനുമായ ഭഗവാനു നമസ്കാരം.

2. ഭൂയോനമ: സദ് വൃജിനച്ഛിദേ സതാ-
മസംഭവായാഖിലസത്ത്വമൂർത്തയേ
പുംസാം പുന: പാരമഹംസ്യ ആശ്രമേ
വ്യവസ്ഥിതാനാമനുമൃഗ്യദാശുഷേ

സാരം - സജ്ജനങ്ങളുടെ ദു:ഖങ്ങളെ നശിപ്പിക്കുന്നവനും, ദുർജ്ജനങ്ങളെ നശിപ്പിക്കുന്നവനും അതത് ദേവന്മാരുടെ രൂപത്തിലിരുന്ന് അതത് ഫലങ്ങളെ കൊടുത്ത് അനുഗ്രഹിക്കുന്നവനും സന്യാസാശ്രമികളാൽ അന്വേഷിക്കപ്പെടുന്ന ആത്മതത്വത്തെ പ്രദാനം ചെയ്യുന്നവനുമായ ഭഗവാന് പിന്നെയും പിന്നെയും നമസ്കാരം.

3. നമോനമസ്തേസ്ത്വൃഷഭായ സാത്വതാം
വിദൂരകാഷ്ഠായ മുഹു:കുയോഗിനാം

നിരസ്തസാമ്യാതിശയേന രാധസാ
സ്വധാമനി ബ്രഹ്മണി രംസ്യതേ നമഃ.

സാരം - പരമഭാഗവതന്മാരുടെ പരിപാലകനും, കുയോഗികൾക്ക് ഒരിക്കലും അറിയാൻ സാധിക്കാത്തവിധം അതിദൂരത്തിൽ വർത്തിക്കുന്നവനും, നിരുപമവും നിരതിശയവുമായ ഐശ്വര്യ പ്രഭാവത്താൽ സ്വസ്വരൂപാനന്ദത്തിൽ അഭിരമിക്കുന്നവനുമായ ഭഗവാനു വീ ും വീ ും നമസ്കാരം.

4. യത്കീർത്തനം യത്സ്മരണം യദീക്ഷണം
യദ്വന്ദനം യച്ഛ്രവണം യദർഹണം
ലോകസ്യ സദ്യോവിധുനോതി കല്മഷം
തസ്മൈ സുഭദ്രശ്രവസേ നമോനമ:

സാരം - ഏതൊരുവന്റെ നാമകീർത്തനവും സ്മരണയും ദർശനവും വന്ദനവും ശ്രവണവും പൂജാദികളും സർവ്വഭൂതങ്ങൾക്കും വാസനാക്ഷയത്തിനായിട്ടു ഭവിക്കുന്നുവോ അതിമംഗളകരമായ കീർത്തിയോടു കൂടിയ ഭഗവാനു നമസ്കാരം.

5. വിചക്ഷണാ യച്ചരണോപസാദനാത്
സംഗം വ്യുദസ്യോഭയതോന്തരാത്മനഃ
വിന്ദന്തി ഹി ബ്രഹ്മഗതിം ഗതക്ലമാ-
സ്തസ്മൈ സുഭദ്രശ്രവസേ നമോ നമഃ

സാരം - വിവേകമതികൾ ഏതൊരുവന്റെ ശ്രീപാദസേവയാലാണോ, ഇഹപരങ്ങളായ സർവ്വാസക്തികളും വിട്ടൊഴിഞ്ഞ് നിഷ്പ്രയാസം നിത്യനന്ദത്തെ പ്രാപിയ്ക്കുന്നത് പുണ്യകീർത്തിയായിരിക്കുന്ന ആ ഭഗവാനു വീ ും വീ ും നമസ്ക്കാരം.

6. തപസ്വിനോ ദാനപരാ യശസ്വിനോ
മനസ്വിനോ മന്ത്രവിദഃ സുമംഗളാഃ
ക്ഷേമം ന വിന്ദന്തി വിനാ യദർപ്പണം
തസ്മൈ സുഭദ്രശ്രവസേ നമോ നമഃ

സാരം - തപസ്വികളോ, ദാനശീലന്മാരോ, യശസ്വികളോ, യോഗികളോ, മന്ത്രജ്ഞന്മാരോ, സദാചാരരതന്മാരോ, തങ്ങളുടെ സാധനകൾ, ഏതൊരുവന്റെ തൃപ്പാദത്തിൽ സമർപ്പിക്കാതെ ചെയ്യുന്ന പക്ഷം ക്ഷേമത്തെ പ്രാപിയ്ക്കുന്നില്ലയോ, ആ മംഗള കീർത്തിയായിരിക്കുന്ന ഭഗവാനു വീ ും വീ ും നമസ്ക്കാരം.

7. കിരാത ഹുണാന്ധ്രപുളിന്ദ പുല്കസാഃ
ആഭീരകങ്കാ യവനാഃ ഖസാദയഃ
യേന്യേ ച പാപാഃ യദുപാശ്രയാശ്രയാഃ
ശുദ്ധ്യന്തി തസ്മൈ പ്രഭവിഷ്ണവേ നമഃ

സാരം - കിരാതന്മാർ, ഹുണന്മാർ, ആന്ധ്രന്മാർ, പുളിന്ദന്മാർ, പുല്കസന്മാർ, ആഭീരന്മാർ, കങ്കന്മാർ, യവനന്മാർ, ഖസന്മാർ മുതലായവരും അതുപോലുള്ള മറ്റു പാപജീവന്മാരും ഏതൊരുവന്റെ ദാസന്മാരെ ആശ്രയിച്ചാൽ പോലും പരിശുദ്ധന്മാരായിത്തീരുന്നുവോ, ആ സുമംഗളസ്വരൂപനായ ഭഗവാനു വീ ും വീ ും നമസ്ക്കാരം .

8. സ ഏഷ ആത്മാത്മവതാമധീശ്വര-
സ്ത്രയീമയോ ധർമ്മമയസ്തപോമയഃ
ഗതവ്യള ീകൈരജശങ്കരാദിഭിർ
വിതർക്യലിംഗോ ഭഗവാൻ പ്രസീദതാം

സാരം - ബ്രഹ്മജ്ഞാനികൾക്ക് ആത്മഭാവത്തിൽ സ്ഫുരിയ്ക്കുന്നവനും, സർവ്വനിയന്താവും, വേദസ്വരൂപനും. ധർമ്മസ്വരൂപനും, തപോമയനും, ബ്രഹ്മശങ്കരാദിദേവന്മാർക്കുപോലും ആശ്ചര്യസ്വരൂപനുമായി ആ ഭഗവാൻ പ്രസാദിയ്ക്കട്ടെ.

9. ശ്രിയഃപതീർയജ്ഞപതിഃ പ്രജാപതിർ
ധിയാം പതിർലോകപതിർ ധരാപതിഃ
പതിർഗതിശ്ചാന്ധകവൃഷ്ണിസാത്വതാം
പ്രസീദതാം മേ ഭഗവാൻ സതാം പതിഃ

സാരം - ശ്രീപതിയായും സർവ്വയജ്ഞഫലദാതാവായും പ്രജാപാലകനായും സർവ്വേന്ദ്രിയ പ്രവർത്തകനായും സർവ്വലോകപരിപാലകനായും സർവ്വയാദവർക്കും പതിയായും പരമഗതിയായും വിശിഷ്യ സജ്ജന പരിപാലകനായിരിയ്ക്കുന്ന ഭഗവാൻ എന്നിൽ പ്രസാദിയ്ക്കട്ടെ.

10. യദംഘ്ര്യനുധ്യാനസമാധിധൗതയാ
ധിയാ നു പശ്യന്തി ഹി തത്ത്വമാത്മനഃ
വദന്തി ചൈതത് കവയോ യഥാരുചം
സ മേ മുകുന്ദോ ഭഗവാൻ പ്രസീദതാം

സാരം - വിവേകമതികൾ ഏതൊരുവന്റെ തൃപ്പാദസ്മരണമാകുന്ന സമാധികൊ ് അത്യന്തം ശുദ്ധീകരിയ്ക്കപ്പെട്ട ഹൃദയം കൊ ് ആത്മതത്വസാക്ഷാത്ക്കാരം ചെയ്യുകയും സഗുണനിർഗുണഭേദേന അതിനെ മറ്റുള്ളവർക്ക് ഉപദേശിച്ചുകൊടുക്കുകയും ചെയ്യുന്നുവോ മുക്തിദായകനായ ആ ഭഗവാൻ എന്നിൽ പ്രസാദിയ്ക്കട്ടെ.

ക്ലാസ് -7

വൃത്തം വസന്തതിലകം

മുകുന്ദമാലാ

1. വന്ദേ മുകുന്ദമരവിന്ദദളായതാക്ഷം
കുന്ദേന്ദുശംഖദശനം ശിശു ഗോപവേഷം
ഇന്ദ്രാദിദേവഗണവന്ദിതപാദപീഠം
വൃന്ദാവനാലയമഹം വസുദേവസൂനും.

അർഥം- മോക്ഷദായകനായി, താമരക്കണ്ണനായി, മുല്ലപ്പൂ, ചന്ദ്രൻ, ശംഖ് ഇവപോലെ വിളങ്ങുന്ന പല്ലുകളോട് കൂടിയവനായി, ഇന്ദ്രാദിദേവന്മാരാൽ വന്ദിക്കപ്പെട്ട പാദപീഠത്തോട് കൂടിയവനായി, വൃന്ദാവനവാസിയായിരിക്കുന്ന വാസുദേവനെ ഞാൻ നമസ്കരിക്കുന്നു.

2. ശ്രീവല്ലഭേതി വരദേതി ദയാപരേതി
ഭക്തപ്രിയേതി ഭവലുണ്ഠനകോവിദേതി
നാഥേതി നാഗശയനേതി ജഗന്നിവാസേ-
ത്യാലാപിനം പ്രതിദിനം കുരു മാം മുകുന്ദ.

അർഥം - ലക്ഷ്മീവല്ലഭനെന്നും വരദനെന്നും, ദയാപരനെന്നും, ഭക്തപ്രിയനെന്നും, സംസാരനാശകനെന്നും, ജഗന്നാഥനെന്നും അനന്തശയനനെന്നും ജഗന്നിവാസനെന്നും ദിവസം തോറും അങ്ങയുടെ ദിവ്യനാമങ്ങൾ ജപിക്കുമാറാകണമേ എന്ന് ഹേ മുകുന്ദാ,

എന്നെ അനുഗ്രഹിക്കേണമേ.

വൃത്തം- മാലിനീ

3. ജയതു ജയതു ദേവോ ദേവകീനന്ദനോയം
ജയതു ജയതു കൃഷ്ണോ വൃഷ്ണിവംശപ്രദീപ
ജയതു ജയതു മേഘശ്യാമളകോമളാംഗോ
ജയതു ജയതു പൃഥ്വീഭാരനാശോ മുകുന്ദ.

അർത്ഥം - ദേവകീപുത്രനായ ഭഗവനേ, അവിടുന്ന് വിജയിച്ചാലും. വൃഷ്ണിവംശദീപമായ അവിടുന്ന് വിജയിച്ചാലും. മേഘശ്യാമളകോമളനും ഭൂഭാരനാശകനുമായ മുകുന്ദഭഗവാൻ എന്നെന്നും വിജയിക്കട്ടെ.

വൃത്തം- ഇന്ദ്രവജ്രാ

4. മുകുന്ദ, മൂർധ്നാ പ്രണിപത്യ യാചേ
ഭവന്തമേകാന്തമിയന്തമർത്ഥം
അവിസ്മൃതിസ്ത്വച്ചരണാരവിന്ദം
ഭവേ ഭവേ മേസ്തു ഭവത്പ്രസാദാത്.

അർത്ഥം- ഹേ മുകുന്ദ, ഞാൻ ശിരസ് നമിച്ച് വന്ദിച്ചുകൊ് ഇത്രമത്രം് അഭ്യർത്ഥിക്കുന്നു. അങ്ങയുടെ സമൃദ്ധമായ കൃപാകടാക്ഷമുായി ജന്മാന്തരങ്ങളിൽ പോലും അവിടുത്തെ പാദകമലങ്ങളിൽ നമസ്കരിക്കാൻ എനിക്ക് ഇടവരണേ.

വൃത്തം- മന്ദാക്രാന്താ

5. നാസ്ഥാ ധർമേ ന വസുനിചയേ നൈവ കാമോപ-
ഭോഗേ

യദ്യദ്ഭവ്യം ഭവതു ഭഗവൻ പൂർവകർമാനുരൂപം
ഏതത്പ്രാർഥ്യൻ മമ ബഹുമതം ജന്മജന്മാന്തരേപി
ത്വത്പാദാംഭോരുഹയുഗഗതാ നിശ്ചലാ ഭക്തിരസ്തു.
അർഥം - ധർമത്തിലാകട്ടെ ധനത്തിലാകട്ടെ കാമോപ ഭോഗത്തിലാകട്ടെ എനിക്ക് അല്പം പോലും ആസക്തിയില്ല. പൂർവജന്മങ്ങൾ ഹേതുവായി എന്തെല്ലാം അനുഭവിക്കാനുേണ്ടാ അവയൊക്കെ അനുഭവിച്ചു കൊള്ളാം. എന്നാൽ എനിക്ക് ഏറ്റവും പ്രിയപ്പെട്ടതും പ്രാർഥിക്കുവാൻ ആഗ്രഹിക്കുന്നതും ഇതു മാത്രാണ് - ജന്മജന്മാന്തരങ്ങളിലും അവിടുത്തെ പാദപദ്മങ്ങളിൽ അചഞ്ചലമായ ഭക്തി ഉാവണേ എന്ന്.

വൃത്തം- വിയോഗിനീ

6. ദിവി വാ ഭുവി വാ മമാസ്തു വാസോ
നരകേ വാ നരകാന്തകപ്രകാമം
അവധീരിതശാരദാരവിന്ദൗ
ചരണൗ തേ മരണേപി ചിന്തയാമി.
അർഥം - ഞാൻ ഭൂമിയിലോ നരകത്തിലോ സ്വർഗത്തിൽ തന്നെയോ വസിക്കുന്നു എന്നിരിക്കട്ടെ. എവിടെയായാലും നരകാന്തകായ അങ്ങയുടെ, ശരത്കാലത്തെ താമരകളെ വെല്ലുന്ന ശോഭയേറിയ പാദങ്ങളെ ഞാൻ മരണകാലത്ത് സ്മരിക്കുമാറാകണമേ.

വൃത്തം - രഥോദ്ധതാ

7. ക്ഷീരസാഗരതരങ്ഗശീകരാ-

സാരതാരകിതചാരുമൂർത്തയേ
ഭോഗഭോഗിശയനീയശായിനേ
മാധവായ മധുവിദ്വിഷേ നമഃ.

അർഥം - പാൽകടൽതിരകളിൽ നിന്നും പറക്കുന്ന ധൂളികൾ വർഷിച്ച് നക്ഷത്രങ്ങൾ പോലെ തിളങ്ങുന്ന കമനീയമായ ശരീരത്തോട് കൂടിയവനായി, അനന്ത നാകുന്ന മെത്തമേൽ ശയിക്കുന്നവനായ് മധുവൈരി യായിരിക്കുന്ന മഹാവിഷ്ണുവിനെ ഞാൻ നമസ്കരി ക്കുന്നു.

വൃത്തം- ഇന്ദ്രവജ്രാ

8. ആർത്താഃ വിഷണ്ണാഃ ശിഥിലാശ്ച ഭീതാഃ
ഘോരേഷു ച വ്യാധിഷു വർത്തമാനാഃ
സങ്കീർത്ത്യ നാരായണശബ്ദമാത്രം
വിമുക്തദുഃഖാഃ സുഖിനോ ഭവന്തി.

അർഥം- ആർത്തരും വിഷണ്ണരും മോഹഭംഗമനുഭവ പ്പെട്ടവരും ഘോരമായ വ്യാധികൾ പിടിപെട്ട് നട്ടം തിരിയുന്നവരുമായ എത്രയോ പേർ നാരായണസ ങ്കീർത്തനത്തിന്റെ ശ്രവണമാത്രയിൽ തന്നെ സർവദുഃ ഖങ്ങളിൽ നിന്നും വിമുക്തിപ്രാപിച്ച് സുഖികളായി ഭവിക്കുന്നു.

വൃത്തം - വംശസ്ഥം

9. നമാമി നാരായണപാദപങ്കജം
കരോമി നാരായണപൂജനം സദാ

വദാമി നാരായണനാമ നിർമലം
സ്മരാമി നാരയണതത്ത്വമവ്യയം.
അർഥം- ശ്രീനാരായണന്റെ പാദപങ്കജങ്ങൾ ഞാനിതാ നമസ്കരിക്കുന്നു. ശ്രീനാരായണനെ ഞാനിതാ സകലകാലവും പൂജിക്കുന്നു. നാരായണന്റെ പാവനമായ നാമങ്ങൾ ഞാനിതാ സദാ ജപിച്ചുകൊിരിക്കുന്നു. ശ്രീനാരായണന്റെ അവിനാശിയായ തത്ത്വങ്ങൾ ഞാനിതാ സദാ സ്മരിച്ചുകൊിരിക്കുന്നു.

വൃത്തം- ഇന്ദ്രവജ്രാ

10. കായേന വാചാ മനസേന്ദ്രിയൈർവാ
ബുദ്ധ്യാത്മനാ വാ പ്രകൃതേഃ സ്വഭാവാത്.
കരോമി യദ്യത് സകലം പരസ്മൈ
നാരായണായേതി സമർപ്പയാമി.
അർഥം - ദേഹം, വാക്ക്, മനസ് ഇവകൊും, ഇന്ദ്രിയങ്ങളെകൊും, ബ്ദ്ധികൊും,ആത്മാവിനാലും പ്രകൃത്യാ എനിക്കുാകുന്ന സ്വഭവങ്ങളാലും യാതൊന്നൊക്കെ ചെയ്യാനിടയുോ, അവയെല്ലാം പരമാത്മാവായ നാരായണനായിക്കൊ് സമർപ്പിക്കുന്നു.

കൃഷ്ണകർണാമൃതം - രാസക്രീഡാ

ക്ളാസ് - 8 വൃത്തം - സ്രഗ്വിണീ

1. അംഗനാമംഗനാമന്തരേ മാധവോ
മാധവം മാധവം ചാന്തരേണാംഗനാ
ഇത്ഥമാകല്പിതേ മണ്ഡലേ മധ്യഗഃ
സഞ്ജഗൗ വേണുനാ ദേവകീനന്ദനഃ.

അർഥം-രാസക്രീഡയിൽ വൃത്താകാരത്തിൽ നിൽക്കുന്ന ഗോപിമാരേയും അവർക്കൊപ്പം നിലകൊള്ളുന്ന കൃഷ്ണനേയും വർണിക്കുന്നു. രു ഗോപികമാർക്ക് നടുവിൽ ഒരു കൃഷ്ണൻ, രു കൃഷ്ണന്മാർക്ക് നടുവിൽ ഒരു ഗോപി. ഇപ്രകാരം തീർത്ത ഗോപീകൃഷ്ണന്മാരുടെ വൃത്തത്തിന്റെ മധ്യഭാഗത്ത് നിന്ന ദേവകീനന്ദനനായ കൃഷ്ണൻ മുരളിയൂതി.

2. കേകീകേകാദൃതാനേരുപങ്കേരുഹാ
ലീനഹംസാവലീഹൃദ്യയാ വിദ്യയാ
കംസവംശാടവീദാഹദാവാനലഃ
സഞ്ജഗൗ വേണുനാ ദേവകീനന്ദനഃ.

അർഥം- മയിലുകൾ മധുരമായ കേകാരവങ്ങളാൽ കൃഷ്ണന്റെ മുരളീരവത്തെ വാഴ്ത്തി. ആ മുരളീരവത്തിൽ രാജഹംസങ്ങൾ ലയിച്ചുപോയി. കംസനും വംശപരമ്പരക്കും മുളങ്കാടിന് കാട്ട്തീയെന്നപോലെ ദാഹകശക്തിയായിതീർന്ന ആദേവകീനന്ദനൻ വേണുവൂതി.

3. ക്വാപി വീണാഭിരാരാവിണാ കമ്പിതാ
ക്വാപി വീണാഭിരാകിങ്കിണീനർതിതഃ
ക്വാപി വീണാഭിരാഗാന്തരം ഗാപിതഃ
സഞ്ജഗൗ വേണുനാ ദേവകീനന്ദനഃ.

അർഥം-രാസക്രീഡയിൽ ഗോപിമാർ വാദനം ചെയ്യുന്ന വീണയുടെ നാദത്തോടൊപ്പവും കൃഷ്ണൻ രാഗമധുരമായി ഓടക്കുഴൽ വായിച്ചു. ചിലപ്പോൾ നാദത്തിനനുസരിച്ച് നൃത്തവുമാടി. മറ്റുചിലപ്പോൾ വീണാവാദനത്തിനോടൊപ്പം ഇമ്പമാർന്ന ഗാനങ്ങൾ പാടി. ഇതോടൊപ്പം എല്ലാവരുടേയും മദ്ധ്യത്തിൽ നിന്ന് കൃഷ്ണൻ വേണുവൂതി.

4. ചാരുചന്ദ്രാവലീലോചനൈശ്ചുംബിതോ
ഗോപഗോവൃന്ദഗോപാലികാവല്ലഭഃ
വല്ലവീവൃന്ദവൃന്ദാരകഃ കാമുകഃ
സഞ്ജഗൗ വേണുനാ ദേവകീനന്ദനഃ.

അർഥം- മുഗ്ധമായ നിലാവിൽ കുളിച്ച്, കാണുന്നവരുടെ എല്ലാം കണ്ണുകൾകൊ് മുകരപ്പെട്ട്, ഗോപന്മാർക്കും ഗോപികമാർക്കും ഗോവൃന്ദത്തിനും വല്ലഭനായ ആ കൃഷ്ണൻ മുരളിയൂതി.

5. മൗലിമാലാമിളന്മത്തഭൃംഗീലതാ-
ഭീതഭീതപ്രിയാവിഭ്രമാലിംഗിതഃ
സ്രസ്തഗോപികുചാഭോഗസമ്മേളിതഃ

സഞ്ജഗൗ വേണുനാ ദേവകീനന്ദനഃ.
അർഥം - ഗോപികമാരുടെ മുടിയിൽ ചാർത്തിയ പൂമാലയുടെ സുഗന്ധത്താൽ ആൺവുകളും പെൺവുകളും പറന്നുവന്നു. ആനന്ദഭരിതരായ ഗോപികമാർ അംഗവസ്ത്രമൂർന്നുവീണതറിയാതെ കൃഷ്ണനെ ആലിംഗനം ചെയ്തു. ഇവരുടെ ആനന്ദത്തെ വർദ്ധിപ്പിക്കുമാറ് കൃഷ്ണൻ വേണുവൂതി.

6. ചാരുചാമീകരാഭാസിഭാമാവിഭുർ-
വൈജയന്തീലതാവാസിതോരസ്ഥലഃ
നന്ദവൃന്ദാവനേ വാസിതോ മദ്ധ്യഗഃ
സഞ്ജഗൗ വേണുനാ ദേവകീനന്ദനഃ.

അർഥം- സ്വർണനിറമാർന്ന ഗോപികമാരേയും തുളസി, തെച്ചിപൂക്കൾകൊു കോർത്ത വൈജയന്തീമാലകളും മാറിൽ ധരിച്ച ദേവകീനന്ദനാൽ വൃന്ദാവനത്തിൽ വച്ച് ഓടക്കുഴലൂതി.

7. ബാലികാതാളികാതാളലീലാലയാ-
സങ്ഗസന്ദർശിതഭ്രൂലതാവിഭ്രമഃ
ഗോപികാഗീതദത്താവധാനഃ സ്വയം
സഞ്ജഗൗ വേണുനാ ദേവകീനന്ദനഃ.

അർഥം- ഗോപിമാർ, നൃത്തത്തിനൊത്ത് കൈകൊട്ടി

താളമിട്ടുകൊിരുന്നു, ആ താളത്തിനൊത്ത് ഗോപികമാരുടെ മധുരഗീതം മാത്രം ശ്രദ്ധിച്ച് പുരികക്കൊടികളിളക്കി കൃഷ്ണൻ വേണുവൂതി.

8. പാരിജാതം സമുദ്ധൃത്യ രാധാവരോ
രോപയാമാസ ഭാമാഗൃഹസ്യാങ്കണേ
ശീതശീതേ വടേ യാമുനീയേ തടേ
സഞ്ജഗൗ വേണുനാ ദേവകീനന്ദനഃ.

അർഥം- രാധാവരനയ കൃഷ്ണൻ പ് സ്നേഹത്തിനു വേി മാത്രം, സ്വർഗത്തിൽ നിന്ന് കൊുവന്ന പരിജാതത്തെ സത്യഭാമയുടെ ഗൃഹാങ്കണത്തിൽ നട്ടു പിടിപ്പിച്ചു. തന്നെ സ്നേഹിച്ച ഏവർക്കും അറിഞ്ഞ് ഇംഗിതങ്ങൾ നടത്തിക്കൊടുക്കുന്ന കൃഷ്ണൻ വടവൃക്ഷങ്ങൾ നിറഞ്ഞ തണുപ്പുറ്റ യമുനാതീരത്തിരുന്ന് മുരളിയൂതി.

9. കരകമലദരദളിതലളിതതരവംശീ-
കളനിനദഗളദമൃതഘനസരസി ദേവേ.
സഹജരസഭരഭരിതദരഹസിതവീഥീ-
സതതവഹദധരമണി മധുരിമണി ലീലേ.

അർഥം - താമരപ്പൂവിനൊത്ത കൈവിരലുകളാൽ ശ്രുതിമധുരമായ പദങ്ങൾ മുരളിയിലൂടെ വാദനം ചെയ്യുന്ന കൃഷ്ണന്റെ മധുരമന്ദഹസം നിറഞ്ഞ അധരാമൃതത്തിൽ ഞാൻ ലയിച്ചുചേരാൻ കൊതിക്കുന്നു.

10. തരുണാരുണകരുണാമയവിപുലായതനയനം
കമലാകുചകലശീഭരപുളകീകൃതഹൃദയം
മുരളീരവതരളീകൃതമുനിമാനസനളിനം
മമ ഖേലതി മദചേതസി മധുരാധരമമൃതം.
അർഥം - കൃഷ്ണന്റെ, വാത്സല്യം നിറഞ്ഞ അല്പം
അരുണകാന്തിപോർന്ന വിസ്തൃതമായ നയനങ്ങൾ,
ലക്ഷ്മീദേവിയുടെ പരിരംഭണം കൊ്
പുളകിതമായ മാറിടം, മുനിമാനസങ്ങളെപ്പോലും
ത്രസിപ്പിക്കുന്ന തരളമായ മുരളീരവം, മധുരിമയാർന്ന
അധരാമൃതം ഇതെല്ലാം എന്റെ മനസ്സിൽ എപ്പോഴും
വിളങ്ങട്ടെ.

# സൗന്ദര്യലഹരി

**ക്ലാസ് - 9** **വൃത്തം- ശിഖരിണീ**

1. ശിവശ്ശക്ത്യാ യുക്തോ യദി ഭവതി ശക്തഃ പ്രഭവിതും

 ന ചേദേവം ദേവോ ന ഖലു കുശലഃ സ്പന്ദിതുമപി .

 അതസ്ത്വാമാരാദ്ധ്യാം ഹരിഹരവിരിഞ്ചാദിഭിരപി

 പ്രണന്തും സ്തോതും വാ കഥമകൃതപുണ്യഃ പ്രഭവതി.

സാരം - അല്ലയോ ദേവി, മംഗളസ്വരൂപനായ പരമശിവൻ ശക്തിസ്വരൂപിണിയായ ദേവിയോടുകൂടി യുക്തനായി ഭവിച്ചുവെങ്കിൽ മാത്രമേ പ്രപഞ്ചസൃഷ്ട്യാദികർമങ്ങൾക്ക് ശക്തനാവുകയുള്ളൂ. അങ്ങനെയല്ലെങ്കിൽ ആ ദേവന് ചലിക്കാൻ പോലും സാധിക്കില്ല, അതിനാൽ വിഷ്ണു, രുദ്രൻ, ബ്രഹ്മാവ് എന്നീ ദേവശ്രേഷ്ഠന്മാരാൽ പോലും ഉപാസിക്കപ്പെടുവാൻ യോഗ്യയായ ദേവിയെ നമസ്ക്കരിക്കുവാനോ ,സ്തുതിക്കുവാനോ പൂർവ്വജന്മങ്ങളിൽ പുണ്യം

സമ്പാദിക്കാത്തവൻ എങ്ങനെ സമർത്ഥനായിത്തീരും.

2. തനീയാംസം പാംസും തവ ചരണപങ്കേരുഹഭവം

 വിരിഞ്ചഃ സഞ്ചിന്വൻ വിരചയതി ലോകാനവികലം

 വഹത്യേനം ശൗരിഃ കഥമപി സഹസ്രേണ ശിരസാം

 ഹരഃ സംക്ഷുദ്യൈനം ഭജതി ഭസിതോദ്ധൂളനവിധിം.

സാരം -അല്ലയോ ദേവി, ഭവതിയുടെ പദാരവിന്ദങ്ങളിൽനിന്നുണ്ടായ അതിസൂക്ഷ്മമായപൊടിയെ സമ്പാദിച്ചിട്ട് ബ്രഹ്മാവ് ലോകങ്ങളെ ന്യൂനതകൂടാതെ സൃഷ്ടിക്കുന്നു. ആദിശേഷരൂപിയായ വിഷ്ണു തന്റെ ആയിരം ശിരസ്സുകൊണ്ട് ഇതിനെതാങ്ങിനിർത്തുന്നു.സംഹാരരൂപിയായ ശിവനാകട്ടെ ഈ പൊടിയെ ലലാടാഗ്നിയിൽ ദഹിപ്പിച്ച് ഭസ്മമായി പൂശുന്നു.(ബ്രഹ്മാ-വിഷ്ണു-മഹേശ്വരന്മാരുടെ പ്രപഞ്ച സൃഷ്ടി-സ്ഥിതി-ലയ-കർതൃത്ത്വം ദേവിയുടെ പദാരാവിന്ദരേണുവിന്റെ മാഹാത്മ്യത്തിനധീനമായിരിക്കുന്നു എന്ന് സാരം)

3. അവിദ്യാനാമന്തസ്തിമിരമിഹിരദ്വീപനഗരീ

 ജഡാനാം ചൈതന്യസ്തബകമകരന്ദസ്രുതിഝരീ

ദരിദ്രാണാം ചിന്താമണിഗുണനികാ ജന്മജലധൗ

നിമഗ്നാനാം ദംഷ്ട്രാ മുരരിപുവരാഹസ്യ ഭവതി

സാരം -അല്ലയോ ദേവി, ഈ പദാരവിന്ദപാംസു അജ്ഞാനികൾക്ക് ഉള്ളിലുള്ള അജ്ഞാനാന്ധകാരത്തെ നശിപ്പിക്കുന്നുതായ സൂര്യന്റെ ഉദയസ്ഥാനമായ സമുദ്രമദ്ധ്യത്തിലുള്ള നഗരിയാകുന്നു. മന്ദബുദ്ധികൾക്ക് ദൃശ്യാദൃശ്യവസ്തുവിവേകമാകുന്ന പൂങ്കുലയിൽനിന്നൊഴുകുന്ന തേനിന്റെ പ്രവാഹമാകുന്നു. ദരിദ്രർക്ക് ആഗ്രഹിച്ചതൊക്കെ കൊടുക്കുന്ന ചിന്താമണിയാകുന്നു. ജനനമരണരൂപമായ സംസാരസാഗരത്തിൽ മുങ്ങിത്താഴുന്നവർക്ക് വരാഹരൂപിയായ വിഷ്ണുവിന്റെ തേറ്റയുമാകുന്നു.

4. ത്വദന്യഃ പാണിഭ്യാമഭയവരദോ ദൈവതഗണ-

സ്ത്വമേകാ നൈവാസി പ്രകടിതവരാഭീത്യാഭിനയാ.

ഭയാത്ത്രാതും ദാതും ഫലമപി ച വാഞ്ഛാസമധികം

ശരണ്യേ ലോകാനാം തവ ഹി ചരണാവേവ നിപുണൗ.

സാരം- സകല ലോകങ്ങൾക്കും ശരണാഗതയായ ദേവി ! ഭവതിയിൽ നിന്ന് ഭിന്നമായ എല്ലാ ദേവസമൂഹവും കൈകൾ കൊണ്ട് അഭയവരദാനങ്ങളെ ചെയ്യുന്നു. ദേവി ഒരാൾമാത്രം വരാഭയമുദ്രയോടുകൂടി ഭവിക്കുന്നില്ല. മാത്രമല്ല, ഭയത്തിൽനിന്ന് രക്ഷിക്കാനും അഭീഷ്ടവരത്തെ ദാനം ചെയ്യാനും അവിടത്തെ പാദങ്ങൾ തന്നെ സമർത്ഥങ്ങളാകുന്നു.

5. ഹരിസ്ത്വാമാരാദ്ധ്യ പ്രണതജനസൗഭാഗ്യജനനീം

പുരാ നാരീ ഭൂത്വാ പുരരിപുമപി ക്ഷോഭമനയത്.

സ്മരോപി ത്വാം നത്വാ രതിനയനലേഹ്യേന വപുഷാ

മുനീനാമപ്യന്തഃപ്രഭവതി ഹി മോഹായ മഹതാം

സാരം - ശ്രീമഹാവിഷ്ണു, നമസ്ക്കരിക്കുന്നവർക്ക് സൗഭാഗ്യം ഉണ്ടാക്കുന്നവളായ ഭവതിയെ ആരാധിച്ചിട്ട് , പണ്ട് സ്ത്രീരൂപത്തെ സ്വീകരിച്ച് ത്രിപുരാന്തകനായ പരമശിവനുകൂടി മനഃക്ഷോഭത്തെ ഉണ്ടാക്കി. കാമദേവൻപോലും ദേവിയെ നമസ്ക്കരിച്ച് രതീ ദേവിയുടെ കണ്ണുകൾക്ക് ആസ്വാദ്യകരമായ സുഭഗശരീരത്തെ പ്രാപിച്ച് ജിതേന്ദ്രിയന്മാരായ മഹർഷിമാരുടെ ചിത്തത്തിൽപോലും വികാരത്തെ ജനിപ്പിക്കുവാൻ സമർത്ഥനായി ഭവിക്കുന്നു.

6. ധനുഃ പൗഷ്പം മൗർവ്വീ മധുകരമയീ പഞ്ചവിശിഖാഃ

വസന്തസ്സാമന്തോ മലയമരുദായോധനരഥഃ

തഥാപ്യേകസ്സർവം ഹിമഗിരിസുതേ കാമപി കൃപാ-

മപാംഗാത്തേ ലബ്ധ്വാ ജഗദിദമനംഗോ വിജയതേ.

സാരം - ഹേ ഹിമഗിരിസുതേ! കാമദേവന്റെ വില്ല് പുഷ്പമയമാകുന്നു, ഞാണ് വണ്ടിൻനിരയാകുന്നു, പുഷ്പബാണങ്ങൾ അഞ്ചെണ്ണമാകുന്നു, മന്ത്രി വസന്തകാലവും, യുദ്ധത്തിനുള്ള തേര് തെക്കൻകാറ്റുമാകുന്നു.അപ്രകാരമാണെങ്കിലും ദേഹഹീനനായ എകാകിയായ കാമദേവൻ ദേവിയുടെ കടാക്ഷവീക്ഷണത്തിൽനിന്ന് അനിർവചനീയമായ ഒരു കരുണയെ ലഭിച്ചിട്ട് ഈ ലോകമാസകലം സർവ്വോത്കർഷേണ ജയിക്കുന്നു.

7. ക്വണത് കാഞ്ചീദാമാ കരികളഭകുംഭസ്തനനതാ

പരിക്ഷീണാ മദ്ധ്യേ പരിണതശരച്ചന്ദ്രവദനാ

ധനുർബാണാൻ പാശം സൃണിമപി ദധാനാ കരതലൈഃ

പുരസ്താദാസ്താം നഃ പുരമഥിതുരാഹോപുരുഷികാ.

സാരം-സഞ്ചരിക്കുമ്പോൾ കിലുങ്ങികൊണ്ടിരിക്കുന്ന അരഞ്ഞാണോടുകൂടിയും, ആനകുട്ടിയുടെ മസ്തകങ്ങൾ പോലെയുള്ള സ്തനങ്ങളുടെ ഭാരത്താൽ അല്പം കുനിഞ്ഞും , കൃശമായ അരകെട്ടോടും, ശരത്കാലചന്ദ്രനെപോലെ ശോഭിക്കുന്ന മുഖത്തോടും, നാലുതൃക്കൈകളിലും കരിമ്പ് വില്ല് , പുഷ്പബാണങ്ങൾ, പാശായുധം, തോട്ടി എന്നീ ആയുധങ്ങളെ ധരിച്ചുകൊണ്ടിരിക്കുന്ന ത്രിപുരാന്തകന്റെ അഹങ്കാരരൂപിണിയായ പരമേശ്വരി ഞങ്ങളുടെ ഹൃദയകമലത്തിൽ പ്രകാശിച്ചരുളേണമേ.

8. സുധാസിന്ധോർമദ്ധ്യേ സുരവിടപിവാടീപരിവൃതേ

മണിദ്വീപേ നീപോപവനവതി ചിന്താമണിഗൃഹേ

ശിവാകാരേ മഞ്ചേ പരമശിവപര്യങ്കനിലയാം

ഭജന്തി ത്വാം ധന്യാഃ കതിചന ചിദാനന്ദലഹരീം.

സാരം - അമൃതസാഗരത്തിന്റെ നടുവിൽ കല്പകവൃക്ഷോദ്യാനത്താൽ ചുറ്റപെട്ട രത്നദ്വീപിൽ കടമ്പിൻപൂന്തോട്ടത്തോടുകൂടിയ ചിന്താമണിമന്ദിരത്തിങ്കൽ ബ്രഹ്മാവിഷ്ണുരുദ്രേശ്വരന്മാർ അഗ്നികോണുമുതൽ നാലുകോണുകളിൽ ഊർദ്ധ്വാധോഭാഗങ്ങളിൽ സ്തഭരൂപമായും , മദ്ധ്യത്തിൽ പുരുഷരൂപമായുമുള്ള നാലുകാലുകളിൽ സ്ഥിതിചെയ്യുന്നതും ഉപരിഭാഗത്ത് സദാശിവനാകുന്ന പലകയോടുകൂടിയ കട്ടിലിൽ പരമശിവനാകുന്ന മെത്തയിൽ

ഇരിക്കുന്നവളും ജ്ഞാനാനന്ദപ്രവാഹരൂപിണിയുമായ ദേവിയെ ചില മഹാപുണ്യവാന്മാർ ഭജിക്കുന്നു.

9. മഹീം മൂലാധാരേ കമപി മണിപൂരേ ഹുതവഹം

സ്ഥിതം സ്വാധിഷ്ഠാനേ ഹൃദി മരുതമാകാശമുപരി

മനോപി ഭ്രൂമദ്ധ്യേ സകലമപി ഭിത്വാ കുലപഥം

സഹസ്രാരേ പദ്മേ സഹ രഹസി പത്യാ വിഹരസേ.

സാരം - മൂലാധാരത്തിൽ പൃഥ്വീതത്ത്വത്തേയും, മണിരൂപത്തിൽ ജലതത്ത്വത്തേയും, സ്വാധിഷ്ഠാനത്തിൽ അഗ്നിതത്ത്വത്തേയും, അനാഹതചക്രത്തിൽ വായുതത്ത്വത്തേയും, വിശുദ്ധിചക്രത്തിൽ ആകാശതത്ത്വത്തേയും, ഭ്രൂമദ്ധ്യത്തിലിരിക്കുന്ന ആജ്ഞാചക്രത്തിൽ മനസ്തത്ത്വത്തേയും ഇപ്രകാരം സമസ്തസുഷുമ്നാ മാർഗത്തേയും ഭേദിച്ച് സഹസ്രദളകമലത്തിൽ വിജനപ്രദേശത്തിങ്കൽ ഭർത്താവായ പരമശിവനോടുകൂടി വിഹരിക്കുന്നു.

10. സുധാധാരാസാരൈശ്ചരണയുഗളാന്തർവിഗളിതൈഃ

പ്രപഞ്ചം സിഞ്ചന്തീ പുനരപി രസാമ്നായമഹസഃ

അവാപ്യ സ്വാം ഭൂമീം ഭുജഗനിഭമദ്ധ്യുഷ്ടവലയം

സ്വമാത്മാനം കൃത്വാ സ്വപിഷി കുലകുണ്ഡേ കുഹരിണീ

സാരം - ദേവിയുടെ ചരണാരവിന്ദമദ്ധ്യത്തിൽ നിന്നൊഴുകുന്ന അമൃതധാരാപ്രവാഹങ്ങളാൽ ഉപാസകന്റെ ദേഹാന്തർഭാഗത്തിലുള്ള നാഡിസമൂഹത്തെ നനച്ചിട്ട്, അമൃതാധിക്യമായകാന്തിയോടുകൂടിയതും സഹസ്രദളകമലത്തിൽ ശ്രീചക്രസ്വരൂപമായി സ്ഥിതിചെയ്യുന്നതുമായ ചന്ദ്രമണ്ഡലത്തിൽനിന്നു തിരിയെ വാസസ്ഥാനമായ മൂലാധാരത്തെ പ്രാപിച്ചിട്ട് സർപ്പസദൃശമായതും മൂന്നരചുറ്റോടുകൂടിയ മണ്ഡലാകൃതിയിലുള്ള സർപ്പത്തിനു സദൃശമായ രൂപത്തെ ധരിച്ചിട്ട് മദ്ധ്യത്തിൽ സൂക്ഷ്മരന്ധ്രത്തോടു കൂടി മൂലാധാരചക്രത്തിൽ ഉറങ്ങുന്നു.

# നാരായണീയം

## ദശകം-98

**ക്ലാസ് - 10** **വൃത്തം- സ്രഗ്ധരാ**

1. യസ്മിന്നേതദ്വിഭാതം യത ഇദമഭവദ്-
   യേന ചേദം യ ഏതദ്-
   യോസ്മാദുത്തീർണ്ണരൂപഃ ഖലു സകലമിദം
   ഭാസിതം യസ്യ ഭാസാ
   യോ വാചാം ദൂരദൂരേ പുനരപി മനസാം
   യസ്യ ദേവാ മുനീന്ദ്രാ
   നോ വിദ്യുസ്തത്ത്വരൂപം കിമു പുനരപരേ
   കൃഷ്ണ! തസ്മൈ നമസ്തേ.

സാരാംശം- ഭഗവാൻ ശ്രീകൃഷ്ണ! ആ നിന്തിരുവടിയ്ക്ക് നമസ്കാരം. ദേവന്മാരും മുനീന്ദ്രന്മാരും കൂടി ഏതോരു ഭഗവാന്റെ പരമാർത്ഥസ്വരൂപം അറിയുന്നില്ല; പിന്നെ മറ്റുള്ളവർ എങ്ങിനെ അറിയും? ഏതു ഭഗവാൻ വാക്കുകളുടെ മാത്രമല്ല മനസ്സിന്റേയും വളരെ വളരെ അകലത്താകുന്നു, ഈ കാണുന്ന പ്രപഞ്ചം മുഴുവനും ഏതു ദേവന്റെ തേജസ്സു കൊണ്ട് പ്രകാശിക്കുന്നു. ഈ ജഗത്ത് ഏതൊരു ഭഗവാനിൽ പ്രകാശിതമായി ഏവങ്കൽ നിന്ന് ഈ പ്രപഞ്ചം ഉണ്ടായി, ഏതൊരുവനിൽ ഇതു വിലയം പ്രാപിക്കുന്നു. ഈ, ജഗത്ത് യാതൊരാളുടെ രൂപമാകുന്നു, ഏതൊരാൾ ഈ ബ്രഹ്മാണ്ഡത്തിൽ നിന്നും അപ്പുറത്തായി വേറിട്ടു നിൽക്കുന്നു. (ആ നിന്തിരുവടിയ്ക്കു നമസ്കാരം ചെയ്യുക മാത്രമേ സാധ്യമായിട്ടുള്ളു)

2. ജന്മാഥോ കർമ്മ നാമ സ്ഫുടമിഹ ഗുണദോ-
   ഷാദികം വാ ന യസ്മിൻ
   ലോകാനാമൂതയേ യഃ സ്വയമനുഭജതേ
   താനി മായാനുസാരീ
   ബിഭ്രച്ഛക്തീരരൂപോ%പി ച ബഹുതരരൂ-
   പോ വിഭാത്യദ്ഭുതാത്മാ
   തസ്മൈ കൈവല്യധാമ്നേ പരരസപരിപൂർ-

ണ്ണായ വിഷ്ണോ നമസ്തേ.

സാരാംശം- ഇവിടെ ജന്മവും കർമ്മവും നാമവും ഗുണദോഷങ്ങളും മറ്റും ഏതൊരുവനിൽ വാസ്തവത്തിൽ ഇല്ല; എങ്കിലും ലോകാനുഗ്രഹാർത്ഥം (രക്ഷയ്ക്കായി) ഏതൊരാൾ മായാനുഗതനായിട്ട് ആ ജന്മാദികളെ സ്വാതന്ത്ര്യത്തോടു കൂടി സ്വീകരിക്കുന്നു. വിദ്യാവിദ്യാദിശക്തികളെ കൈക്കൊണ്ടിട്ട് സ്വതേ അരൂപിയായാണെങ്കിലും അദ്ഭുതാകാരനാകയാൽ അനേകരൂപനായി പരിശോഭിക്കുന്നു. അല്ലയോ സർവ്വവ്യാപിയായ ഭഗവാനേ! മോക്ഷസ്വരൂപനും സച്ചിദാനന്ദപരിപൂർണ്ണനും ആയിരിക്കുന്ന നിന്തിരുവടിയെ ഞാൻ നമസ്കരിക്കുന്നു.

3. നോ തിര്യഞ്ചം ന മർത്ത്യം ന ച സുരമസുരം
        ന സ്ത്രിയം നോ പുമാംസം
    ന ദ്രവ്യം കർമ്മ ജാതിം ഗുണമപി സദസ-
        ദ്വാപി തേ രൂപമാഹുഃ
    ശിഷ്ടം യത് സ്യാന്നിഷേധേ സതി നിഗമ-
        ശതൈർല്ലക്ഷണാവൃത്തിതസ്തത്
    കൃച്ഛ്രേണാവേദ്യമാനം പരമസുഖമയം
        ഭാതി തസ്മൈ നമസ്തേ.

സാരാംശം- നിന്തിരുവടിയുടെ സ്വരൂപം തിര്യക്കല്ല, മനുഷ്യനുമല്ല ദേവനുമല്ല അസുരനുമല്ല സ്ത്രിയുമല്ല പുരുഷനുമല്ല, ദ്രവ്യം കർമ്മം ജാതി ഗുണം, സത്ത് അസത്ത് ഇവയൊന്നുമല്ല, എന്നു പറയുന്നു അറിഞ്ഞവർ. നിഷേധിച്ചുകഴിഞ്ഞാൽ ശേഷിക്കുന്നതും അനേകം ഉപനിഷദ്വാക്യങ്ങളാൽ ലക്ഷണാവൃത്തികൊണ്ട് പണിപ്പെട്ട് അറിയിക്കപ്പെടുന്നതുമായ അത് പരമാനന്ദസ്വരൂപമായി വിരാജിക്കുന്നു. ആ നിന്തിരുവടിക്കു നമസ്കാരം ഭവിക്കട്ടെ.

4. മായായാം ബിംബിതസ്ത്വം സൃജസി മഹദഹ-
        ങ്കാരതന്മാത്രഭേദൈർ-
    ഭൂതഗ്രാമേന്ദ്രിയാദ്യൈരപി സകലജഗ-
        ത്സ്വപ്നസങ്കൽപകൽപം
    ഭൂയഃ സംഹൃത്യ സർവം കമഠ ഇവ പദാ-
        ന്യാത്മനാ കാലശക്ത്യാ

ഗംഭീരേ ജായമാനേ തമസി വിതിമിരോ
ഭാസി തസ്മൈ നമസ്തേ.

സാരാംശം- നിന്തിരുവടി മായയിൽ(കണ്ണാടിയിൽ ഛായപോലെ) നിഴലിക്കുന്നവനായിട്ട് മഹത്തത്ത്വം അഹങ്കാരഭേദങ്ങൾ ശബ്ദസ്പർശികളായ പഞ്ചതന്മാത്രഭേദങ്ങൾ പഞ്ചഭൂതങ്ങൾ ഏകാദശേന്ദ്രിയങ്ങൾ ഇവകളെകൊണ്ട് സ്വപ്നസങ്കൽപസമാനമായ സർവജഗത്തും സൃഷ്ടിക്കുന്നു. പിന്നീട് ആമ തന്റെ കാലുകളെ എന്നപോലെ കാലശക്തിസ്വരൂപമായ ആത്മാവുകൊണ്ട് (താൻ തന്നെ കാലശക്തിയായി പരിണമിച്ചിട്ട്) സകലതും സംഹരിക്കുന്നു. തദനന്തരം അപ്പോൾ ഉണ്ടാകുന്ന പരന്നുകിടക്കുന്ന ഭയങ്കരമായ തമസ്സിൽ ആ തമസ്സിന്റെ സംബന്ധമില്ലാത്തവനായി ചിദാനന്ദരൂപനായി ഭാസിക്കുന്നു, സ്വയം പ്രകാശിക്കുന്നു. ആ നിന്തിരുവടിക്കു പ്രണാമം.

5. ശബ്ദബ്രഹ്മേതി കർമ്മേത്യണുരിതി ഭഗവൻ!
കാല ഇത്യാലപന്തി
ത്വാമേകം വിശ്വഹേതും സകലമയതയാ
സർവഥാ കൽപ്യമാനം
വേദാന്തൈർയത്തു ഗീതം പുരുഷപര-
ചിദാത്മാഭിധം തത്തു തത്ത്വം
പ്രേക്ഷാമാത്രേണ മൂലപ്രകൃതിവികൃതികൃത്
കൃഷ്ണ! തസ്മൈ നമസ്തേ.

സാരാംശം- ഹേ ഭഗവൻ! സകലമതക്കാരുടെ അഭിപ്രായമനുസരിച്ചും സർവ്വാത്മഭാവത്തിൽ സങ്കൽപ്പിക്കപ്പെടുന്ന ജഗത്കാരണഭൂതനായ നിന്തിരുവടി ഒരാളെത്തന്നെ ശബ്ദബ്രഹ്മമെന്നും കർമ്മമെന്നും അണു എന്നും കാലം എന്നും വ്യവഹരിക്കുന്നു. വേദാന്തങ്ങളാൽ ആകട്ടെ പുരുഷൻ പരൻ ചിത്ത് ആത്മാവ് എന്നിങ്ങനെയെല്ലാം പറയപ്പെടുന്ന ആ തത്ത്വമാണ് കടാക്ഷമാത്രം കൊണ്ട് മൂലപ്രകൃതിക്കു വികാരത്തെ ഉണ്ടാക്കുന്ന (സൃഷ്ട്യാദികളെ നിർവഹിക്കുന്ന)തെന്ന് പറയപ്പെട്ടിരിക്കുന്നു. ഹേ കൃഷ്ണ! അപ്രകാരമുള്ള അങ്ങേയ്ക്ക് നമസ്കാരം.

6. സത്ത്വേനാസത്തയാ വാ ന ച ഖലു സദസ-
ത്ത്വേന നിർവാച്യരൂപാ
ധത്തേ യാസാവവിദ്യാ ഗുണഫണിമതിവ-
ദ്വിശ്വദൃശ്യാവഭാസം
വിദ്യാത്വം സൈവ യാതാ ശ്രുതിവചനലവൈർ-
യത്കൃപാസ്യന്ദലാഭേ
സംസാരാരണ്യസദ്യസ്ത്രുടനപരശുതാ-
മേതി തസ്മൈ നമസ്തേ.

സാരാംശം- ഉള്ളതായിട്ടോ ഇല്ലാത്തതായിട്ടോ ഉണ്ടെന്നും ഇല്ലെന്നും ഉള്ളതായിട്ടോ തീർച്ചയാക്കിപ്പറയാൻ ആകാത്ത മട്ടിലുള്ളതായ ഈ അവിദ്യ (മായാ) കയറിനെ പാമ്പെന്ന് വിചാരിക്കുന്നതു പോലെ ഈ പ്രപഞ്ചം ഉള്ളതാണെന്നു തോന്നിക്കുന്നു. ആ മായതന്നെ ഏതൊരു ഭഗവത്കാരുണ്യപ്രവാഹമുണ്ടാകുമ്പോൾ വേദാന്ത വാക്യതത്ത്വം അൽപാൽപം അറിയുവാനിടവരുന്നതുകൊണ്ട് വിദ്യാസ്വരൂപം പ്രാപിച്ചതായിട്ട് സംസാരമാകുന്ന കാടുമുഴുവൻ പെട്ടെന്നു മുറിച്ചു കളയുവാനുള്ള മഴുവായി തീരുന്നു. ആ നിന്തിരുവടിക്കു നമസ്കാരം.

7. ഭൂഷാസു സ്വർണ്ണവദ്വാ ജഗതി ഘടശരാ-
വാദികേ മൃത്തികാവ-
ത്തത്ത്വേ സഞ്ചിന്ത്യമാനേ സ്ഫുരതി തദധുനാ-
പ്യദ്വിതീയം വപുസ്തേ
സ്വപ്നദ്രഷ്ടുഃ പ്രബോധേ തിമിരലയവിധൗ
ജീർണ്ണരജ്ജോശ്ച യദ്വ-
ദ്വിദ്യാലാഭേ തഥൈവ സ്ഫുടമപി വികസേത്
കൃഷ്ണ! തസ്മൈ നമസ്തേ.

സാരാംശം- തത്ത്വമാലോചിക്കുന്നതായാൽ ആഭരണവിശേഷങ്ങളിൽ സ്വർണ്ണംപോലെയും അല്ലെങ്കിൽ കുടം ചിരാത് മുതലായവയിൽ മണ്ണെന്നപോലെയും പ്രപഞ്ചത്തിൽ അദ്വിതീയമായിരിക്കുന്ന അങ്ങയുടെ ആ വപുസ്സ് സ്ഥിതികാലത്തിലും പ്രകാശിക്കുന്നു. സ്വപ്നം കണ്ടവന് ഉണർന്നതിനു ശേഷം എന്ന പോലെയും, ഇരുട്ടു നീങ്ങുമ്പോൾ കയറിന്റെ എന്നപോലെയും വിദ്യ ലഭിക്കുമ്പോൾ താനെ

തത്ത്വം സ്പഷ്ടമായിട്ട് തെളിഞ്ഞു പ്രകാശിക്കുക തന്നെ ചെയ്യും. അല്ലയോ കൃഷ്ണ! അങ്ങേയ്ക്കു നമസ്കാരം.

8. യദ്ഭീത്യോദേതി സൂര്യോ ദഹതി ച ദഹനോ
വാതി വായുസ്തഥാന്യേ
യദ്ഭീതാഃ പദ്മജാദ്യാഃ പുനരുചിതബലീ-
നാഹരന്തേ%നുകാലം
യേനൈവാരോപിതാഃ പ്രാങ്നിജപദമപി തേ
ച്യാവിതാരശ്ച പശ്ചാത്
തസ്മൈ വിശ്വം നിയന്ത്രേ വയമപി ഭവതേ
കൃഷ്ണ! കുർമ്മഃ പ്രണാമം.

സാരാംശം- ആരെ പേടിച്ച് സൂര്യൻ ഉദിക്കുകയും തീയ് ദഹിപ്പിക്കുകയും കാറ്റ് വീശുകയും ചെയ്യുന്നുവോ, അപ്രകാരം മറ്റുള്ള ബ്രഹ്മാവ് തുടങ്ങിയവർ ആരെ ഭയന്നിട്ടാണോ തക്കസമയത്ത് വേണ്ടതായ പൂജാദികൾ ശ്രദ്ധയോടെ നടത്തുന്നത്. അവരെല്ലാം ആദ്യം ആരാൽ അവരവരുടെ സ്ഥാനങ്ങളിൽ കയറ്റിവെയ്ക്കപ്പെടുകയും പിന്നീട് ഭ്രഷ്ടരാക്കപ്പെടുകയും ചെയ്യുന്നുവോ. അല്ലയോ കൃഷ്ണഭഗവാനെ! എല്ലാം നിയന്ത്രിക്കുന്ന ആ നിന്തിരുവടിയെ ഞങ്ങളും നമസ്കരിക്കുന്നു.

9. ത്രൈലോക്യം ഭാവയന്തം ത്രിഗുണമയമിദം
ത്ര്യക്ഷരസ്യൈകവാച്യം
ത്രീശാനാമൈക്യരൂപം ത്രിഭിരപി നിഗമൈർ-
ഗീയമാനസ്വരൂപം
തിസ്രോ%വസ്ഥാവിദന്തം ത്രിയുഗജനിജുഷം
ത്രിക്രമാക്രാന്തവിശ്വം
ത്രൈകാല്യേ ഭേദഹീനം ത്രിഭിരഹമനിശം
യോഗഭേദൈർഭജേ ത്വാം.

സാരാംശം- സത്വാദിഗുണത്രയവികാരമായ ഈ പ്രപഞ്ചത്തെ സൃഷ്ടിക്കുന്നവനും മൂന്നക്ഷരം ചേർന്ന പ്രണവത്തിന്റെ മുഖ്യാർത്ഥവും ത്രിമൂർത്തികളുടെ ഏകഭാവവും മൂന്നു വേദങ്ങളാലും കീർത്തിക്കപ്പെടുന്ന സ്വരൂപമുള്ളവനും ജാഗ്രദാദിമൂന്നവസ്ഥകളേയും അറിയുന്നവനും മൂന്നു യുഗങ്ങളിൽ അവതരിക്കുന്നവനും മൂന്നു ലോകങ്ങളും

അളന്നെടുത്തവനും മൂന്നു കാലത്തിലും ഭേദമില്ലാത്തവനുമായ നിന്തിരുവടിയെ ഞാൻ കർമ്മഭക്തിജ്ഞാനങ്ങളായ മൂന്നു വിധ യോഗങ്ങളെ കൊണ്ട് എപ്പോഴും ഭജിക്കുന്നു.

10. സത്യം ശുദ്ധം വിബുദ്ധം ജയതി തവ വപുർ-
        നിത്യമുക്തം നിരീഹം
    നിർദ്വന്ദ്വം നിർവികാരം നിഖിലഗുണഗണ-
        വ്യഞ്ജനാധാരഭൂതം
    നിർമൂലം നിർമലം തന്നിരവധിമഹിമോ-
        ല്ലാസി നിർല്ലീനമന്തർ-
    നിസ്സങ്ഗാനാം മുനീനാം നിരുപമപരമാ-
        നന്ദസാന്ദ്രപ്രകാശം.

സാരാംശം- സത്യമായി ശുദ്ധമായി എപ്പോഴും ഉണർന്നിരിക്കുന്നതായ ഒന്നിനോടും ബന്ധമില്ലാത്ത കൈവല്യമയമായി ഒരാഗ്രഹമില്ലാത്തതായി, അദ്വിതീയമായി വികാരരഹിതമായി എല്ലാ നല്ല ഗുണങ്ങളുടെ പ്രകാശകമായി കാരണമില്ലാത്തതായി രാഗദ്വേഷരഹിതമായി അവസാനമില്ലാത്ത മാഹാത്മ്യാതിശയംകൊണ്ടു വിളങ്ങുന്നതായി സർവ്വസംഗപരിത്യാഗികളായ മഹർഷിമാരുടെ മനസ്സമാധിയിൽ ലീനമായി അതുല്യമായ പരമാനന്ദം തിങ്ങിനിൽക്കുന്നതായി പ്രകാശരൂപമായിരിക്കുന്ന നിന്തിരുവടിയുടെ നിഷ്കളബ്രഹ്മമാകുന്ന ആ സ്വരൂപം സർവ്വോത്കർഷേണ വിജയിച്ചരുളുന്നു.

11. ദുർവാരം ദ്വാദശാരം ത്രിശതപരിമിളത്
        ഷഷ്ടിപർവാഭിവീതം
    സംഭ്രാമ്യത്ക്രൂരവേഗം ക്ഷണമനു ജഗ-
        ദാച്ഛിദ്യ സന്ധാവമാനം
    ചക്രം തേ കാലരൂപം വ്യഥയതു ന തു മാം
        ത്വത്പദൈകാവലംബം
    വിഷ്ണോ! കാരുണ്യസിന്ധോ! പവനപുരപതേ!
        പാഹി സർവാമയൗഘാത്.

സാരാംശം- 12 അഴികളും 360 ചക്രമുനകളും ഉള്ളതും കഠിന വേഗത്തിൽ ചുറ്റിത്തിരിയുന്നതും ക്ഷണംതോറും ലോകത്തെ ബലാത്കാരേണ വലിച്ചുകൊണ്ടോടുന്നതും ആർക്കും

തടയുവാനാകാത്തതുമായ അങ്ങയുടെ കാലരൂപമായ ചക്രമാവട്ടെ. തൃപ്പാദമല്ലാതെ മറ്റ് ആശ്രയമില്ലാത്ത എന്നെ വേദനിപ്പിക്കാതിരിക്കട്ടെ! ഹേ വിഷ്ണോ! കാരുണ്യക്കടലായ ഗുരുവായുപുരാധീശ! എല്ലാവിധ രോഗങ്ങളിൽ നിന്നും മോചിപ്പിച്ച് എന്നെ രക്ഷിക്കണേ!